അവസരം നഷ്ടപ്പെടുന്ന ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് നിർബന്ധമായും പിന്നോക്ക ജില്ലയായ ന്യൂനപക്ഷങ്ങൾ താമസിക്കുന്ന മലപ്പുറം ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിൽ സയൻസ് വിഷയങ്ങൾക്ക് കൂടുതൽ സീറ്റുകൾ അനുവദിക്കുകയോ, പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ച് സയൻസ് വിഷയങ്ങൾ പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, ഇക്കൊല്ലത്തെ എസ്. എസ്. എൽ. സി. റിസൾട്ടു വന്നതിനുശേഷം കേരളത്തിൽ പൊതുവെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ് ഇത്. പ്രാദേശികമായി പരിശോധിച്ചാൽ ചില ജില്ലകളിൽ പ്ലസ് വൺ -ന് പഠിക്കുവാനുള്ള സൗകര്യക്കുറവ് വളരെ പ്രകടമായി കാണുകയാണ്. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതിയത്. 92,928 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 46,161 പേർ വിജയിച്ചു. അവിടെ പ്ലസ് വൺ-ന് ലഭ്യമായ സീറ്റെന്നു പറയുന്നത് 17,550 ആണ്. 28,811 സീറ്റുകളുടെ കുറവ് മലപ്പുറം ജില്ലയിൽ മാത്രമായി കാണുകയാണ്. 450 മാർക്കു വരെ വാങ്ങിയ കുട്ടികൾക്ക് പ്ലസ് വൺ-ന് സീറ്റു കിട്ടാത്ത അവസ്ഥ ഇന്നു മലപ്പുറം ജില്ലയിലുണ്ട്. ഇതു സംബന്ധിച്ച് പല എം.എൽ.എ.മാരുടെയും നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരു പരിശോധന നടത്തുകയുണ്ടായി. കഴിഞ്ഞ വർഷം 80 ശതമാനത്തിൽ കൂടുതൽ റിസൾട്ട് വന്ന ഗവൺമെന്റ് സ്കൂളുകളുടെ എണ്ണം കണ്ണൂർ-39, കോഴിക്കോട്-19, മലപ്പുറം-8, പാലക്കാട്-4, തൃശ്ശൂർ-18 എന്നിങ്ങനെയാണ്. ഗവൺമെന്റ് ഹൈസ്ക്കൂളുകളിലെങ്കിലും അത്യാവശ്യമായി പ്ലസ് വൺ അനുവദിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഈ സമയത്ത് തൃശ്ശൂർ അടക്കമുള്ള മലപ്പുറം ജില്ലയ്ക്ക് അത്യാവശ്യമായി പരിഗണന കൊടുക്കേണ്ടതുണ്ട്. അത് എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പ്ലസ് വൺ കോഴ്സ് നിലവിലുള്ള ഗവൺമെന്റ് സ്കൂളുകളിൽ ഹൈസ്കൂൾ അനുവദിക്കണമോ അതോ എയിഡഡിൽ വേണമോ ഏതു മേഖലയിൽ വേണം എന്നതു സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. സാമ്പത്തികമായ പ്രയാസങ്ങളുണ്ട്. അതുകൊണ്ട് അതുംകൂടി പരിശോധിച്ചുകൊണ്ട് ഒരാഴ്ചയ്ക്കുള്ളിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## V അറിയിപ്പ്

### സഭ സമ്മേളിക്കുമ്പോൾ മന്ത്രിമാർ നിവേദനം സ്വീകരിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : രണ്ടു കാര്യങ്ങൾ എനിക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാരോട് എനിക്കു പറയാനുള്ളത് ഒരാഴ്ചയിൽ എത്ര ദിവസം നിങ്ങളുടെ റിട്ടയറിങ് റൂമിൽ അംഗങ്ങളിൽ നിന്നും നിവേദനം വാങ്ങാൻ നിങ്ങൾക്ക് ഇരിക്കാനാകുമെന്ന് അറിയിച്ചാൽ അതിനാവശ്യമായ സർക്കുലർ

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

കൊടുക്കാം. മന്ത്രിമാർ അവരവരുടെ റിട്ടയറിംഗ് റൂമിൽ ഇന്നയിന്ന സമയത്ത് ഉണ്ടാകും എന്ന്. ഹൗസിൽ നിവേദനങ്ങളുമായി അങ്ങോട്ടുമിങ്ങോട്ടും നടക്കുക, disorderly ആയിട്ടു നടക്കുക, It is not very good. ഒരു മണിക്കൂറോ അര മണിക്കൂറോ നിങ്ങൾ ചെലവാക്കിയാൽ മതി. അസംബ്ളി നടക്കുന്ന ദിവസങ്ങളിൽ ഇന്നയിന്ന സമയത്ത് ഞങ്ങൾ റിട്ടയറിംഗ് റൂമിൽ ഉണ്ടാകുമെന്ന് എഴുതി തന്നാൽ അതനുസരിച്ച് സർക്കുലർ കൊടുക്കാം. ഇനി രണ്ടാമതു പറയാനുള്ള കാര്യം, ഇപ്പോൾ തന്നെ ഒന്നര മണിക്കൂർ താമസിച്ചാണ് നമ്മൾ തുടങ്ങുന്നത്. ചില അംഗങ്ങളോട് എത്ര കർക്കശമായി പറഞ്ഞിട്ടും അവർ അനുസരിക്കാൻ കൂട്ടാക്കുന്നില്ല. ഇന്നലെ ഒരു സുഹൃത്ത് ഏഴു മിനിട്ടു കൂടുതൽ സംസാരിച്ചു. അതു വളരെ മോശമാണ്. കൂടുതൽ സമയം സംസാരിക്കുന്നത് ഒരു മിടുക്കായി കാണുകയാണെങ്കിൽ എന്നെ സംബന്ധിച്ചിടത്തോളം അതൊരു indiscipline ആയിട്ടാണ് ഞാൻ കാണുന്നത്. അതുകൊണ്ട് അവരവർക്ക് അനുവദിച്ചിരിക്കുന്ന സമയത്തിനകത്തു നിന്നുകൊണ്ട് സംസാരിക്കണം. അല്ലാതെ കൂടുതൽ സംസാരിച്ചു മിടുക്കു കാണിക്കാൻ ശ്രമിക്കരുത്. എല്ലാവർക്കും ഒന്നര മണിക്ക് പിരിയണമെന്നുണ്ട്. പക്ഷേ ആർക്കും സമയത്തിനു നിർത്താൻ വയ്യ എന്നുള്ള ആ മനഃസ്ഥിതി കൊള്ളില്ല. എല്ലാവരും സഹകരിക്കണമെന്നു വിനീതമായി അഭ്യർത്ഥിക്കുന്നു.

## VI ധനകാര്യം

### 2003-2004 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2003-2004: 18-3-2003-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ |
|---|---|---|---|---|---|---|
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | (രൂപ) |
| XXVII | സഹകരണം | 15,13,39,000 | 12,36,66,000 | 30,26,79,000 | 24,73,33,000 | 55,00,12,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 67,39,99,000 | 8,99,50,000 | 1,34,79,99,000 | 17,99,00,000 | 1,52,78,99,000 |
| XL | തുറമുഖങ്ങൾ | 5,94,45,000 | 2,77,00,000 | 11,88,89,000 | 5,54,00,000 | 17,42,89,000 |



LIBRARY ARCHIVES Kerala Legislative Assembly